**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ല – നിലമ്പൂർ താലൂക്ക് - കവളപ്പാറയ്ക്ക് സമീപമുള്ള പോത്തുകല്ല് വില്ലേജിൽ അപകട ഭീഷണിയുള്ള പ്രദേശങ്ങളിൽ നിന്നും മാറ്റിപ്പാർപ്പിക്കേണ്ടതായ 26 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി വാങ്ങി വീട് വയ്ക്കുന്നതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================================

**റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്**

**സ.ഉ. (സാധാ) നം. 3212/2021 /റവ.** **തിരുവനന്തപുരം, തീയതി, 24.09.2021**

===============================================================================

പരാമർശം:-
1. സ.ഉ. (സാധാ) നം. 25/2019/ഡി.എം.ഡി, തീയതി : 23.08.2019
2. സ.ഉ. (സാധാ) നം. 777/2020/റവ, തീയതി : 25.02.2020
3. സ.ഉ. (സാധാ) നം. 175/2021/റവ, തീയതി : 16.01.2021
4. സ.ഉ. (സാധാ) നം. 581/2021/ഡി.എം.ഡി, തീയതി : 24.08.2021

**ഉത്തരവ്**

2019 ലെ പ്രളയത്തിലും അതിനെ തുടർന്നുണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയും മൂലം വീടും സ്ഥലവും നഷ്ടപ്പെട്ടവർ, പുഴ ഗതിമാറി ഒഴുകിയതിനെത്തുടർന്ന് വാസയോഗ്യമല്ലാതായവർ, ജിയോളജി ടീം മാറ്റിപ്പാർപ്പിക്കുന്നതിന് ശുപാർശ ചെയ്തവർ ഉൾപ്പെടെയുള്ള 462 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമി വാങ്ങി വീടുവയ്ക്കുന്നതിലേയ്ക്കായി പരാമർശം (2). പരാമർശം (3) എന്നിവ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിച്ച് വിതരണം ചെയ്തിട്ടുള്ളതാണ്.

2. ദുരന്തം സംഭവിച്ച കവളപ്പാറയുടെ സമീപമുള്ള പോത്തുകല്ല് വില്ലേജിൽ ഉൾപ്പെട്ടതും മുൻപ് പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ 26 കുടുംബങ്ങളെക്കൂടി മാറ്റിപ്പാർപ്പിക്കണമെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചുമതലപ്പെടുത്തിയത് പ്രകാരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ ജിയോളജിസ്റ്റ് എന്നിവർ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത 26 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വാസയോഗ്യമായ സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിലേയ്ക്കായി 2,60,00,000/- രൂപ (രണ്ടു കോടി അറുപത് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലമ്പൂർ താലൂക്കിൽ കവളപ്പാറയ്ക്ക് സമീപമുള്ള പോത്തുകല്ല് വില്ലേജിൽ അപകട ഭീഷണിയുള്ള 26 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് ഭൂമി വാങ്ങുന്നതിലേയ്ക്കായി കുടുംബം ഒന്നിന് ( 6,00,000/- * 26) പ്രകാരം 1,56,00,000/- രൂപ (ഒരു കോടി അൻപത്തിയാറ് ലക്ഷം രൂപ) യും വീട് വയ്ക്കുന്നതിലേയ്ക്കായി (3,04,900/- * 26) പ്രകാരം 79,27,400/- രൂപ (എഴുപത്തിയൊൻപത് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി നാന്നൂറ് രൂപ) യും ഉൾപ്പടെ ആകെ **2,35,27,400/- രൂപ (രണ്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി ഇരുപത്തേഴായിരത്തി നാന്നൂറ്**

രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായിവരുന്ന **2,35,27,400/- രൂപ (രണ്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി ഇരുപത്തേഴായിരത്തി നാന്നൂറ് രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. എ.ജയതിലക് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ് വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ